# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അവണൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2019-2020**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തൃശ്ശൂർ – 680020**

**ഇ-മെയിൽ: dotsr.ksad@kerala.gov.in**

**ഫോൺ : 0487-2331249**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 2)1501/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 20/04/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അവണ്ണൂര് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : അവണ്ണൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അവണ്ണൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 3-1,3-2 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 2)1501/2021 തീയ്യതി: 20/04/2022

## തൃശ്ശൂർ ജില്ലയിലെ അവണ്ണൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ അവണ്ണൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2020 മുതൽ 04-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 04-10-2021 | 16-10-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-10-2021 | 16-10-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ സദാനന്ദൻ പി ജി, ഓഡിറ്റ് ഓഫീസർ
ശ്രീ സുനിൽകുമാർ കെ സി, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ സ്റ്റാൻലി പി എസ്, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി സുധ ഇ എൻ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ ജീജോ ജോബ്, സീ.ഗ്രേഡ് ഓഡിറ്റർ
ശ്രീ ജോയ്സൺ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി വിജയ ബാബുരാജ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി രെജി കെ ബി | സെക്രട്ടറി | 01-04-2019 | 06-01-2020 |
| ശ്രീമതി ചിത്ര എം പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-01-2020 | 13-02-2020 |
| ശ്രീമതി രെജി കെ ബി | സെക്രട്ടറി | 14-02-2020 | 31-03-2020 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മായാദേവി | കൃഷി ഓഫീസർ | 01-04-2019 | 05-05-2019 |
| ശ്രീമതി രേഷ്മാ രാമകൃഷ്ണൻ | കൃഷി ഓഫീസർ | 06-05-2019 | 31-03-2020 |
| ഡോ മിഥുൻ റോഷ് സി കെ | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2019 | 31-03-2020 |
| ഡോ കൃപ വി എസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ സ്മൃതി പി എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 08-06-2019 |
| ഡോ സ്റ്റീഫൻ ജോസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 09-06-2019 | 31-03-2020 |
| ഡോ മഞ്ജു വി പി | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി അജിനി | ഹെഡ് മിസ്ട്രസ്സ് (ഇൻ ചാർജ്) | 01-04-2019 | 24-09-2019 |
| ശ്രീമതി മാലിനി | ഹെഡ് മിസ്ട്രസ്സ് | 25-09-2019 | 31-03-2020 |
| സിബി തോമസ് | വി.ഇ.ഒ. അവണൂർ | 01-04-2019 | 15-07-2019 |
| ശ്രീമതി ഷീന | വി.ഇ.ഒ. അവണൂർ | 16-07-2019 | 31-03-2020 |
| ശ്രീമതി അനു കെ സജീവ് | വി ഇ ഒ ചൂലിശ്ശേരി | 01-04-2019 | 31-03-2020 |
| ശ്രീമതി ചിത്ര എം പി | അസി. സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി നീര പി ജി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി സുഷമ സി വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി കിമി ബോസ് കെ | അസി.എഞ്ചിനീയർ | 01-04-2019 | 08-07-2019 |
| Vaccant | അസി.എഞ്ചിനീയർ | 09-07-2019 | 15-07-2019 |
| ശ്രീമതി ഷെറിൻ | അസി.എഞ്ചിനീയർ | 16-07-2019 | 31-03-2020 |

.

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.G.Sadanandan (Audit Officer, On 09-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: P.G.Sadanandan (Audit Officer, On 09-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)<br>Written By: P.G.Sadanandan (Audit Officer, On 10-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: P.G.Sadanandan (Audit Officer, On 10-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.G.Sadanandan (Audit Officer, On 10-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-5 |
| 6 | ക്ഷേമപദ്ധതികൾ<br>Written By: P.G.Sadanandan (Audit Officer, On 10-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-6 |
| 7 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P.G.Sadanandan (Audit Officer, On 19-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ്<br>Written By: P.G.Sadanandan (Audit Officer, On 18-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: P.G.Sadanandan (Audit Officer, On 18-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-9 |
| 10 | തൊഴിലുറപ്പ് പദ്ധതി<br>Written By: P.G.Sadanandan (Audit Officer, On 18-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-10 |
| 11 | വാർഷിക കണക്ക് - എല്ലാ പത്രികകളും ഓഡിറ്റിന് നൽകിയിട്ടില്ല<br>Written By: Sudha.E.N (Asst. Audit Officer, On 17-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-11-1 |
| 12 | സഞ്ചയ ഡി.സി.ബി. പത്രിക ലഭ്യമാക്കിയില്ല – വസ്തുനികുതി, സർവീസ് സെസ്, ലൈബ്രറിസെസ് എന്നിവ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Sudha.E.N (Asst. Audit Officer, On 17-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-11-2 |
| 13 | വസ്തുനികുതി - അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല<br>Written By: Sudha.E.N (Asst. Audit Officer, On 17-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-11-3 |
| 14 | ലഭിച്ച മുൻകൂറുകളേക്കാൾ അധികം തുക ക്രമീകരിച്ചു<br>Written By: Sudha.E.N (Asst. Audit Officer, On 17-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-11-4 |
| 15 | അഡ്വാൻസ് തുക ജേണൽ വൗച്ചർ മുഖേന സാങ്കല്പികമായി വർദ്ധിപ്പിച്ചു<br>Written By: Sudha.E.N (Asst. Audit Officer, On 17-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-11-5 |
| 16 | വസ്തുനികുതി,സർവീസ് സെസ്സ് - ജേണൽ വൗച്ചർ മുഖേന വരവായി ക്രമീകരിച്ചു. അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Sudha.E.N (Asst. Audit Officer, On 17-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-11-6 |
| 17 | ലൈബ്രറി സെസ് അരിയർ ഡിമാന്റ് - ജേണൽ വൗച്ചർ മുഖേന കുറവ് ചെയ്തു. അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Sudha.E.N (Asst. Audit Officer, On 17-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-11-7 |
| 18 | രജിസ്റ്ററുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല<br>Written By: Sudha.E.N (Asst. Audit Officer, On 17-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-11-8 |

| | | |
|---|---|---|
| 19 | അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയതിലെ അപാകതകൾ<br>Written By: Sudha.E.N (Asst. Audit Officer, On 17-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-11-9 |
| 20 | നികുതി നികുതിയേതര കുടിശ്ശികകൾ - പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല<br>Written By: Sudha.E.N (Asst. Audit Officer, On 17-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-11-10 |
| 21 | ജേണൽ വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല<br>Written By: Sudha.E.N (Asst. Audit Officer, On 17-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-11-11 |
| 22 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Sudha.E.N (Asst. Audit Officer, On 17-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-11-12 |
| 23 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Sudha.E.N (Asst. Audit Officer, On 17-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-11-13 |
| 24 | ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Sudha.E.N (Asst. Audit Officer, On 17-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-11-14 |
| 25 | എം.എൻ ലക്ഷം വീട് അക്കൗണ്ടിലെ നീക്കിയിരിപ്പ് ബാധ്യതയായി ചേർത്തിട്ടില്ല<br>Written By: Sudha.E.N (Asst. Audit Officer, On 17-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-11-15 |
| 26 | ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം "Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കുന്നില്ല<br>Written By: Sudha.E.N (Asst. Audit Officer, On 17-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-11-16 |
| 27 | പ്രത്യേക ഉദ്ദേശ്യത്തിനായുള്ള എൻഡോവ്മെന്റ് - ബാധ്യത ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടതാണ്<br>Written By: Sudha.E.N (Asst. Audit Officer, On 17-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-11-17 |
| 28 | ബാങ്ക് /ട്രഷറി റീകൺസിലിയേഷൻ പത്രികകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല<br>Written By: Sudha.E.N (Asst. Audit Officer, On 17-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-11-18 |
| 29 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ അഡ്വാൻസ് ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല<br>Written By: Sudha.E.N (Asst. Audit Officer, On 17-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-11-19 |
| 30 | MGNREGS കണക്കുകൾ പ്രകാരമുള്ള ചെലവുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Sudha.E.N (Asst. Audit Officer, On 17-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-11-20 |
| 31 | കെട്ടിടത്തിന്റെ മൊത്തം വിസ്തീർണ്ണത്തിനും വസ്തുനികുതി നിർണ്ണയിച്ചില്ല<br>Written By: Joyson (Auditor, On 18-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-12 |
| 32 | എഫ്.എ.ആർ അധികരിച്ച നിർമ്മാണത്തിന് അധിക ഫീ ഈടാക്കിയിട്ടില്ല<br>Written By: Joyson (Auditor, On 18-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-13 |
| 33 | സ്പെഷ്യൽ റസിഡൻഷ്യൽ (എ2) ആവശ്യത്തിനുള്ള കെട്ടിടത്തിന് താമസാവശ്യത്തിനുള്ള വസ്തുനികുതി തെറ്റായി നിർണ്ണയിച്ചു<br>Written By: Joyson (Auditor, On 18-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-14 |
| 34 | പദ്ധതിയാവശ്യത്തിന് വാഹനം വാടകയ്ക്ക് എടുക്കുമ്പോൾ ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല<br>Written By: P.G.Sadanandan (Audit Officer, On 23-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-15 |
| 35 | മരങ്ങൾ ലേലം ചെയ്ത് ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല<br>Written By: Joyson (Auditor, On 18-10-2021) | 1-16 |

| | | |
|---|---|---|
| | Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | |
| 36 | അനധികൃത മൊബൈൽ ടവറുകളെ കണ്ടെത്തി ക്രമവത്ക്കരിക്കേണ്ടതാണ്<br>Written By: Joyson (Auditor, On 18-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-17 |
| 37 | സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല<br>Written By: Joyson (Auditor, On 18-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-18 |
| 38 | അവണൂർ പി എച്ച് സി എച്ച് എം സി യുടെ വാർഷികകണക്കുകൾ തയ്യാറാക്കിയിട്ടില്ല<br>Written By: P.G.Sadanandan (Audit Officer, On 01-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-19 |
| 39 | പദ്ധതി ചെലവുകൾ ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല<br>Written By: P.G.Sadanandan (Audit Officer, On 23-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-20 |
| 40 | റോഡു പ്രവൃത്തികൾക്ക് 5% നു പകരം 10% ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിരിക്കുന്നു<br>Written By: P.G.Sadanandan (Audit Officer, On 22-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-21 |
| 41 | ഗ്രാമ പഞ്ചായത്തിലെ ദുരിതാശ്വാസ നിധി - ചട്ടവ്യവസ്ഥകൾ പാലിക്കുന്നതിന് നടപടി ഉണ്ടാകേണ്ടതാണ്<br>Written By: P.G.Sadanandan (Audit Officer, On 16-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-22 |
| 42 | കന്നുകുട്ടി പരിപാലന പദ്ധതി<br>Written By: SunilKumar K C (Asst. Audit Officer, On 16-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-23 |
| 43 | ലീഗൽ ചാർജ്ജ് - സ്രോതസ്സിൽ നിന്നും ആദായ നികുതി കുറവ് ചെയ്തില്ല<br>Written By: Sudha.E.N (Asst. Audit Officer, On 15-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-24 |
| 44 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളുടെ-പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല<br>Written By: Sudha.E.N (Asst. Audit Officer, On 15-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-25 |
| 45 | ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു<br>Written By: Sudha.E.N (Asst. Audit Officer, On 15-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-26 |
| 46 | പത്ര പരസ്യം - സർക്കാർ ഉത്തരവ് പ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമായില്ല<br>Written By: Sudha.E.N (Asst. Audit Officer, On 15-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-27 |
| 47 | റേഷ്യോ പ്രമോഷൻ കുടിശ്ശിക അനുവദിച്ച വൗച്ചറും, ഉത്തരവും പരിശോധനക്ക് ഹാജരാക്കേണ്ടതാണ്<br>Written By: Sudha.E.N (Asst. Audit Officer, On 15-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-28 |
| 48 | ലോഗ് ബുക്ക്, ഇന്ധനക്ഷമത സർട്ടിഫിക്കറ്റ് എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയില്ല<br>Written By: Sudha.E.N (Asst. Audit Officer, On 15-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-29 |
| 49 | അസി. എഞ്ചിനീയർ - പദ്ധതി നടപ്പാക്കുന്നതിലും രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നതിലും കണ്ടെത്തിയ അപാകതകൾ<br>Written By: P.G.Sadanandan (Audit Officer, On 19-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-30 |
| 50 | ഇ-ടെണ്ടർ വഴി ലഭിച്ച ടെണ്ടർ ഫീ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കിയില്ല<br>Written By: P.G.Sadanandan (Audit Officer, On 14-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-31 |
| 51 | മരാമത്ത് പ്രവൃത്തികളുടെ കരാർ വയ്ക്കാൻ വൈകിയതിന് | 1-32 |

| | | |
|---|---|---|
| | നിയമപ്രകാരമുള്ള പിഴ ഈടാക്കിയില്ല<br>Written By: P.G.Sadanandan (Audit Officer, On 19-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | |
| 52 | മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി വൈകിയതിന് നിയമപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല<br>Written By: P.G.Sadanandan (Audit Officer, On 14-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 1-33 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | മരാമത്ത് പ്രവൃത്തികളുടെ കരാർ വയ്ക്കാൻ വൈകിയതിന് നിയമപ്രകാരമുള്ള പിഴ ഈടാക്കിയില്ല<br>Written By: P.G.Sadanandan (Audit Officer, On 18-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 3-1 |
| 2 | മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി വൈകിയതിന് നിയമപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല<br>Written By: P.G.Sadanandan (Audit Officer, On 18-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 3-2 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P.G.Sadanandan (Audit Officer, On 10-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P.G.Sadanandan (Audit Officer, On 10-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: P.G.Sadanandan (Audit Officer, On 10-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: P.G.Sadanandan (Audit Officer, On 10-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Joyson (Auditor, On 18-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Joyson (Auditor, On 18-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Joyson (Auditor, On 18-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 4-7 |
| 8 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം<br>Written By: Joyson (Auditor, On 18-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Joyson (Auditor, On 18-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Joyson (Auditor, On 29-10-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-04-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | ബജറ്റ് പ്രകാരമുള്ള സംഖ്യ | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള സംഖ്യ |
|---|---|---|
| വരവ് | 165448847 | 155460200 |
| ചെലവ് | 159052000 | 141885700 |

ഗ്രാമപഞ്ചായത്തിന്റെ ബജറ്റ്, 12.02.2019 തീയതിയിലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയുണ്ടായി. പുതുക്കിയ ബജറ്റ് 28.02.2020 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 17.06.2020 |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 22341356 |
| വരവ് | 64947937 |
| ആകെ | 87289293 |
| ചെലവ് | 65277160 |
| നീക്കിയിരിപ്പ് | 22012133 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഓ ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ (ACR പ്രകാരം)* (ഉറവിടത്തിൽ നിന്നും കുറച്ച തുക അംഗൻവാടി അധിക വേതനം 700800 (2018-19) ഉൾപ്പെടെ) | | 0 | 9978000 | 9978000 | 9978000 | 0 |
| വികസന ഫണ്ട് എസ് സി പി (ACR പ്രകാരം) | | 0 | 8160000 | 8160000 | 7066782 | 1093218 |
| മെയിന്റനൻസ് ഫണ്ട് റോഡ് (ACR പ്രകാരം) | | 0 | 19608000 | 19608000 | 7390784 | 12217216 |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് (ACR പ്രകാരം) | | 0 | 3251000 | 3251000 | 1782857 | 1468143 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 7626880 | 7626880 | 6455890 | 1170990 |
| സാക്ഷരത | | 137272 | 0 | 137272 | 0 | 137272 |
| TSC | | 7663 | 0 | 7663 | 0 | 7663 |
| ICDS | | 300707 | 490620 | 791327 | 630442 | 160885 |
| വിമുക്തി | | 30035 | 0 | 30035 | 12080 | 17955 |
| ശുചിത്വമിഷൻ | | 904659 | 0 | 904659 | 100000 | 804659 |
| MGNREGS | തൊഴിലാളികളുടെ കൂലി<br>------------------------------<br>ഭരണചെലവുകൾ | 0 | 8896927 | 8896927 | 8896927 | 0<br>* 159000 രൂപ 100 ദിനം പൂർത്തിയാക്കിയ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | തൊഴിലാളികൾക്കുള്ള സംസ്ഥാന ഫണ്ട് |
| | | 5717 | 778119 | 783836 | 783836 | 0 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 194 | 82923179 | 101 | 48917737 | 31 | 62 | 52.06% |

## 1-6 ക്ഷേമപദ്ധതികൾ

| പദ്ധതിയുടെപേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം (ട്രാൻസാക്ഷൻ കൗണ്ട്) |
|---|---|---|
| തൊഴിൽരഹിത വേതനം | 38280 | 21 |
| കർഷകതൊഴിലാളി പെൻഷൻ | 2595000 | 484 |
| വിധവാ പെൻഷൻ | 4788600 | 866 |
| വാർദ്ധക്യകാല പെൻഷൻ | 7444500 | 1432 |
| വികലാംഗ പെൻഷൻ | 1519500 | 268 |
| 50 വയസ്സിന്മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1120800 | 195 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 30000 | 1 |

## 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 08/01/2020 | 2019 ഡിസംബർ | ലഭ്യമായിട്ടില്ല |
| എ ജി ഓഡിറ്റ് | 26.11.2014 | 2009-10 മുതൽ 2013-14 വരെ | 08/01/2015 |

## 1-8 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 8.10.21 തീയതിയിൽ 3.05 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13193/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ കാണപ്പെട്ട പോരായ്മകൾ ബജറ്റ്, അക്കൗണ്ടിങ്ങ്, നികുതി ചുമത്തലും നിയന്ത്രണാധികാരപ്രയോഗവും, പദ്ധതി നിർവ്വഹണം എന്നീ വിവിധ ശീർഷകങ്ങളിലായി ഈ ഓഡിറ്റ് റിപ്പോർട്ടിൽ അതാത് ഓഡിറ്റ് ശീർഷകങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-10 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ (*ഖണ്ഡിക 1-11-20 കാണുക) | 5717 | 619119 | 624836 | 624836 | 0 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 9680763 | 9680763 | 9680763 | 0 |

## 1-11-1 വാർഷിക കണക്ക് - എല്ലാ പത്രികകളും ഓഡിറ്റിന് നൽകിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

## 1-11-2 സഞ്ചയ ഡി.സി.ബി. പത്രിക ലഭ്യമാക്കിയില്ല – വസ്തുനികുതി, സർവീസ് സെസ്, ലൈബ്രറിസെസ് എന്നിവ സാക്ഷ്യപ്പെടുത്തുന്നില്ല

വസ്തുനികുതി, സർവീസ് സെസ്, ലൈബ്രറി സെസ്സ് എന്നീയിനങ്ങളിലെ 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധനയ്ക്കായി 2019-20 വർഷത്തെ സഞ്ചയ യിൽ നിന്നുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് പത്രിക ലഭ്യമാക്കിയിട്ടില്ല. ആധികാരികമായ രേഖകളുടെ അഭാവത്തിൽ മേൽ ഇനങ്ങളിൽ വാർഷിക ധനകാര്യ പത്രികയിലെ കണക്കുകൾ പരിശോധിക്കുന്നതിനോ ആയതിന്റെ കൃത്യത ഉറപ്പ് വരുത്തുന്നതിനോ സാധിച്ചിട്ടില്ല. ആയതിനാൽ ഈയിനങ്ങളിൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകൾ സാക്ഷ്യപ്പെടുത്തുന്നില്ല.

## 1-11-3 വസ്തുനികുതി - അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല

1/4/2019 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സ്മെന്റ്/ ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2019-20 വർഷത്തിൽ അവണൂർ ഗ്രാമപഞ്ചായത്തിൽ 286 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2019-20 ലെ “110100101-Property Tax On Residential Building”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Building” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് രണ്ട് തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-11-4 ലഭിച്ച മുൻകൂറുകളേക്കാൾ അധികം തുക ക്രമീകരിച്ചു

2018-19 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2019 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2019-20 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. “Prior Period Items” എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. മേൽ വർദ്ധനക്ക് ആയതിന് വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ. നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/19 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2019-20ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 35,178 | 1,59,726 |

| | | | |
|---|---|---|---|
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 10,947 | 1,63,360 |
| 3 | 350410105-Advance Collection Of Revenues -Service Cess On Residential Building | 6,670 | 26,686 |
| 4 | 350410106-Advance Collection Of Revenues -Service Cess On Non-Residential Building | 14,373 | 26,333 |

## 1-11-5 അഡ്വാൻസ് തുക ജേണൽ വൗച്ചർ മുഖേന സാങ്കല്പികമായി വർദ്ധിപ്പിച്ചു

തൻവർഷത്തെ വസ്തു നികുതി, സർവീസ് സെസ്സ് അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 3,08,937/- രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior Period Items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വസ്തുനികുതി- റെസിഡൻഷ്യൽ

| ക്രമ. നം. | ജേണൽ വൗച്ചർ | തീയതി | തുക |
|---|---|---|---|
| 1 | 41900266 | 31.03.20 | 1,24,548 |

വസ്തുനികുതി- നോൺ-റെസിഡൻഷ്യൽ

| ക്രമ. നം | ജേണൽ വൗച്ചർ | തീയതി | തുക |
|---|---|---|---|
| 1 | 41900267 | 31.03.20 | 1,52,413 |

സർവീസ് സെസ്സ്- റെസിഡൻഷ്യൽ

| ക്രമ. നം | ജേണൽ വൗച്ചർ | തീയതി | തുക |
|---|---|---|---|
| 1 | 41900268 | 31.03.20 | 20,016 |

സർവീസ് സെസ്സ്- നോൺ-റെസിഡൻഷ്യൽ

| ക്രമ. നം | ജേണൽ വൗച്ചർ | തീയതി | തുക |
|---|---|---|---|
| 1 | 41900269 | 31.03.20 | 1,960 |
| 2 | 41900270 | 31.03.20 | 10,000 |

## 1-11-6 വസ്തുനികുതി,സർവീസ് സെസ്സ് - ജേണൽ വൗച്ചർ മുഖേന വരവായി ക്രമീകരിച്ചു. അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല

വസ്തുനികുതി, സർവീസ് സെസ്സ് എന്നിവയിലെ റിസീവബിൾസ് ലെഡ്ജർ പരിശോധിച്ചപ്പോൾ താഴെ പറയുന്ന തുകകൾ കാഷ് മുഖേനയോ ചെക്ക് മുഖേനയോ ലഭിച്ചതല്ല എന്നും Prior Period Items മുഖേന വരുമാനമായി ക്രമീകരിച്ചതാണെന്നും കണ്ടു. എന്നാൽ ഈ ജേണൽ എൻട്രികൾക്ക് അംഗീകരിക്കപ്പെട്ട വൗച്ചറുകളോ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി രേഖപ്പെടുത്തലുകൾ നിയമാനുസൃതമാണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

| വസ്തുനികുതി / സർവീസ് സെസ്സ് ശീർഷകം | വരുമാനമായി ക്രമീകരിച്ച തുക | ജേണൽ വൗച്ചർ നം. / തീയതി |
|---|---|---|
| 431100104- Receivables For Property Tax On | 30,401/- | 41900250/08.07.2019 |

| | | |
|---|---|---|
| Non-Residential Buildings(Arrears) | | |
| 431100108- Receivables For Services Cess On Non-Residential Buildings (Arrears) | 5,878/- | 41900252/08.07.2019 |

## 1-11-7 ലൈബ്രറി സെസ് അരിയർ ഡിമാന്റ് - ജേണൽ വൗച്ചർ മുഖേന കുറവ് ചെയ്തു. അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല

2019-20 ലെ വാർഷിക കണക്കിലെ ലെഡ്ജർ 431910101- State Govt.Cesses/Levies In Property Taxes- Control Account പ്രകാരം 2018-19 വർഷം വരെ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന വസ്തുനികുതിയിൻമേലുള്ള ലൈബ്രറി സെസ് ഡിമാന്റ് 87,314/- രൂപയാണ്. എന്നാൽ ജേണൽ വൗച്ചർ നം. 41900249/01.04.19, 41900271/08.07.21 എന്നിവ പ്രകാരം ടി ഡിമാന്റ് 80,613/- രൂപയായി കുറവ് ചെയ്തു. ആയതിന് അടിസ്ഥാനമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

## 1-11-8 രജിസ്റ്ററുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3. ഡി & ഒ ഡിമാന്റ് രജിസ്റ്റർ

## 1-11-9 അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയതിലെ അപാകതകൾ

അഡ്വാൻസ് രജിസ്റ്ററിൽ ഡെപ്പോസിറ്റ് പ്രവൃത്തിയുടെ വിവരങ്ങൾ എല്ലാം രേഖപ്പെടുത്തിയിട്ടില്ല. സാംഖ്യ ലെഡ്ജറിലെ വിവരങ്ങൾ മാത്രമാണ് എഴുതി സൂക്ഷിച്ചിട്ടുള്ളത്. ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി നിരീക്ഷിക്കാൻ പ്രാപ്തമായ വിധത്തിൽ അല്ല അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്. അഡ്വാൻസ് രജിസ്റ്റർ കുറ്റമറ്റ രീതിയിൽ പരിപാലിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11-10 നികുതി നികുതിയേതര കുടിശ്ശികകൾ - പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി, സർവീസ് സെസ് ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. വസ്തു നികുതി, സർവീസ് സെസ് ഇനത്തിൽ തൻവർഷം 22,47,120/ രൂപ കുടിശ്ശികയുണ്ട്. എന്നാൽ ആയതിന് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-11-11 ജേണൽ വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-11-12 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-11-13 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20കാലയളവിലെ "Net Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3,29,223/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (22,73,197)/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

**1-11-14 ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല**

2019-20 വർഷത്തെ സ്റ്റോക്ക് നീക്കിയിരിപ്പിന്റെ ഭൗതിക പരിശോധന നടത്തി മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-11-15 എം.എൻ ലക്ഷം വീട് അക്കൗണ്ടിലെ നീക്കിയിരിപ്പ് ബാധ്യതയായി ചേർത്തിട്ടില്ല**

താഴെ ചേർത്തിരിക്കുന്ന ബാലൻസ് ഷീറ്റ്-ബി 17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടിന് തത്തുല്യമായ ബാധ്യത ശീർഷകം ബാലൻസ് ഷീറ്റ് ബി-4 ൽ കാണുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450630101 | VSCB(MN LAKSHAM VEEDU) | 1,63,430 |

**1-11-16 ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം "Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കുന്നില്ല**

31/03/2019 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-3 പ്രകാരം "Capital Contribution" എന്ന ശീർഷകത്തിൽ കാണുന്ന അതേ തുകയാണ് 31/03/20 ലെ ബാലൻസ് ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസന ഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന മൂലധന പ്രവൃത്തികളുടെ മൂല്യം Capital Contribution എന്ന ശീർഷകത്തിൽ ചേർക്കാത്തതാണ് ഇതിന് കാരണം. ഇതു മൂലം മൂലധനച്ചെലവുകൾക്ക് ഉൾപ്പെടെ ഉപയോഗിച്ച ഗ്രാന്റ് തുകകൾ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income & Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/തസ്വഭവ. തീയതി 26/07/11 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

**1-11-17 പ്രത്യേക ഉദ്ദേശ്യത്തിനായുള്ള എൻഡോവ്മെന്റ് - ബാധ്യത ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടതാണ്**

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-12 പ്രകാരം 420800101- Investments- Fixed Deposits എന്ന ശീർഷകത്തിൽ 20,573/- രൂപ നീക്കിയിരിപ്പുണ്ട്. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ഇൻവെസ്റ്റ്മെന്റ് ആയി തൃശ്ശൂർ ജില്ല സഹകരണബാങ്കിലെ 10,000/- രൂപയുടെയും 10,573/- രൂപയുടെയും സെക്രട്ടറിയുടെ പേരിലുള്ള സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ടി തുക ആറ്റൂർ സുരേന്ദ്രൻ സ്മാരക എൻഡോവ്മെന്റ് എന്ന പേരിൽ ഒരു വ്യക്തി നിക്ഷേപിച്ചതാണെന്നും ആയതിന്റെ പലിശ ഉപയോഗിച്ച് പത്താം തരത്തിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ കുട്ടിക്ക് സ്കോളർഷിപ്പ് നൽകുന്നുണ്ടെന്നുമാണ് അറിയിച്ചത്. ഇത്തരത്തിൽ ഒരു പ്രത്യേക ഉദ്ദേശ്യത്തിനായി പഞ്ചായത്തിനെ ഏൽപ്പിച്ച സ്ഥിരനിക്ഷേപം പഞ്ചായത്തിന്റെ ആസ്തിയായി മാത്രം പരിഗണിക്കുന്നത് ശരിയല്ല. ആയതിന് തത്തുല്യമായി അനുയോജ്യമായ ബാധ്യത ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

**1-11-18 ബാങ്ക് /ട്രഷറി റീകൺസിലിയേഷൻ പത്രികകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല**

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-17 ൽ ഉൾപ്പെട്ട ബാങ്ക് / ട്രഷറി അക്കൗണ്ടുകളുടെ 2019-20 വർഷത്തെ പ്രതിമാസ റീകൺസിലിയേഷൻ പത്രികകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. താഴെ പറയുന്ന ബാങ്ക് / ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീകൺസിലിയേഷൻ പത്രികകളും ബാങ്ക് / ട്രഷറി സ്റ്റേറ്റ് മെന്റുകളും ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ വർഷാന്ത്യ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

450210103 – SBI Current Account

450230101 – VSCB Own Fund
450230102 –TDCB (Other Dept.Fund)
450250102 –Treasury Ownfund

450630101 – VSCB MN Laksham Veedu

450630102 – VSCB Literacy

**1-11-19 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ അഡ്വാൻസ് ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല**

2019-20 വർഷത്തിൽ വിവിധ പ്രൊജക്ടുകൾ മുഖേന ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ 60,05,381/- രൂപ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ 460500204 Advance To Implementing Agencies – Deposit With Ground Water Department എന്ന ശീർഷക പ്രകാരം 2019-20 വർഷം 1549680/- രൂപ മാത്രമേ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളൂ. നിർവ്വഹണ ഏജൻസികളിൽ തുക ഡെപ്പോസിറ്റ് ചെയ്യുമ്പോൾ തന്നെ ടി ചെലവ് അതാത് ആസ്തിയിലെ ചെലവായാണ് അക്കൗണ്ട് ചെയ്യുന്നത്. അതു പോലെ വൈദ്യുതി പോസ്റ്റ് മാറ്റി

സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബിയിൽ 56535/- രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും 460500202 Advance To Implementing Agencies -KSEB എന്ന ശീർഷത്തിൽ ആയത് രേഖപ്പെടുത്താതെ ചെലവ് ശീർഷത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-11-20 MGNREGS കണക്കുകൾ പ്രകാരമുള്ള ചെലവുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

എം.ജി.എൻ.ആർ.ഇ.ജി.എസ് ചെലവുകൾ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവുകളും 2019-20 വർഷത്തെ എം.ജി.എൻ.ആർ.ഇ.ജി.എസ്. ന്റെ എം.ഐ.എസ് പത്രിക പ്രകാരമുള്ള ചെലവുകളും പൊരുത്തപ്പെടുന്നില്ല.

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6, I-14(A)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 9,680,763 രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ സെക്ഷൻ ലഭ്യമാക്കിയ കണക്ക് താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| ഭരണച്ചെലവ് | 61,2,171 |
| അവിദഗ്ധ തൊഴിലാളികളുടെ കൂലി | 70,59,201 |
| വിദഗ്ധ തൊഴിലാളികളുടെ കൂലിയും മെറ്റീരിയൽ ചെലവും | 19,96,726 |
| ബാങ്ക് ചാർജ്ജ് | 48 |
| ആകെ | 96,68,146 |

12617 രൂപയുടെ വ്യത്യാസം കണ്ടെത്തി ആയത് ക്രമീകരിക്കേണ്ടതാണ്.

## 1-12 കെട്ടിടത്തിന്റെ മൊത്തം വിസ്തീർണ്ണത്തിനും വസ്തുനികുതി നിർണ്ണയിച്ചില്ല

പെർമിറ്റ് നം. എ3-268/16 തീ. 11.1.2017 പ്രകാരം ശ്രീ. കെ.എ. പദ്മകുമാർ, മാനേജിങ് ഡയറക്ടർ, തൃശ്ശൂർ ബിൽഡേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, മച്ചിങ്ങൽ ലൈൻ, തൃശ്ശൂർ എന്നവർക്ക് 5682.18 ച. മീറ്റർ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. അപേക്ഷ നം. എ3/4140/19 പ്രകാരം കെട്ടിടത്തിന് V/261 A1 മുതൽ V/262 H1 വരെ നമ്പരുകൾ നൽകിയിട്ടുണ്ട്. ആകെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത് 5014.02 ച.മീറ്റർ വിസ്തൃതിയ്ക്കാണ്. പൂർത്തീകരണ സാക്ഷ്യപത്രം പ്രകാരം കെട്ടിടത്തിന്റെ വിസ്തൃതി 5691.68 ച.മീറ്ററാണ്. അതായത് 677.66 ച.മീ വിസ്തൃതിയ്ക്ക് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 7/8.10.21 നൽകി, മറുപടിയിൽ കാർ പാർക്കിങ്ങിനുള്ള സ്ഥലമായതിനാലാണ് വസ്തുനികുതി നിർണ്ണയിക്കാതിരുന്നതെന്നാണ് അറിയിച്ചത്. കെ.പി.ബി.ആർ ചട്ടങ്ങൾ പ്രകാരം പൊതു ആവശ്യങ്ങൾക്കായുള്ള സ്ഥലത്തിന് വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. ആയതിനാൽ 677.66 ച.മീ വിസ്തൃതിയ്ക്ക് വസ്തുനികുതി നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 എഫ്.എ.ആർ അധികരിച്ച നിർമ്മാണത്തിന് അധിക ഫീ ഈടാക്കിയിട്ടില്ല

അപേക്ഷ നം. എ4-1512/5.3.20 പ്രകാരം ശ്രീ. സന്തോഷ് ഉണ്ണികൃഷ്ണൻ, കുലിയാട്ട് വളപ്പിൽ ഹൗസ്, നിഷാദ് മുഹമ്മദ്, കല്ലഴികുന്നത്ത് ഹൗസ്, ഒപി പാഡി വളപ്പായ എന്നവരുടെ 582.84 ച.മീ വിസ്തൃതിയിലുള്ള കെട്ടിടത്തിന് IV/404A മുതൽ I വരെ നമ്പറുകൾ നൽകിയിട്ടുണ്ട്. പെർമിറ്റ് നം. എ3-ബിഎ(4752)/19 തീ. 10.1.19 പ്രകാരമാണ് കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. മൊത്തം വിസ്തീർണ്ണത്തിൽ പെർമിറ്റ് പ്രകാരം സ്പെഷ്യൽ റസിഡൻഷ്യൽ (എ2) ആവശ്യത്തിനുള്ള വിസ്തൃതി 388.84 ച.മീറ്ററും, വാണിജ്യ ഉപയോഗ ക്രമത്തിനുള്ള വിസ്തൃതി 194.42 ച.മീറ്ററുമാണ്. കെട്ടിടത്തിന്റെ പ്ലോട്ട് എരിയ 354 ച.മീറ്ററാണ്. കെട്ടിടത്തിന്റെ എഫ്.എ.ആർ 1.65 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കെ.പി.ബി.ആർ ചട്ടപ്രകാരം സ്പെഷ്യൽ റസിഡൻഷ്യൽ (എ2) വിഭാഗത്തിൽ ഉൾപ്പെടുന്ന കെട്ടിടത്തിന് അനുവദനീയമായ എഫ്.എ.ആർ 1.5 ആണ്. അതായത് 0.15*354=53.1 ച.മീ അധിക നിർമ്മാണം ആണ് ആയത് ച.മീറ്ററിന് 5000 രൂപ നിരക്കിൽ 53.1*5000=2,65,500/- രൂപ അധിക ഫീസ് ഈടാക്കി ക്രമവത്ക്കരിക്കേണ്ടതായിരുന്നു. എന്നാൽ അധിക ഫീസ് ഈടാക്കാതെ കെട്ടിടത്തിന് കെട്ടിടനമ്പർ (IV/404A മുതൽ I വരെ) അനുവദിച്ചു. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 9/11.10.21 നൽകി, മറുപടിയിൽ പ്ലിന്ത് എരിയ എടുത്ത് എഫ്.എ.ആർ കണക്കാക്കിയത് മൂലമാണ് എഫ്.എ.ആർ അധികരിച്ചതെന്നും, പ്ലിന്ത് എരിയയിൽ നിന്നും കാർ പാർക്കിങ് സ്ഥലം കുറച്ച് ഫ്ലോർ എരിയ എടുത്താൽ എഫ്.എ.ആർ അധികരിക്കില്ലായെന്നും അറിയിച്ചു. എന്നാൽ 16.10.21-ാം തിയ്യതിയിൽ ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ കാർ പാർക്കിങ് സ്ഥലത്ത് ഷോപ്പുകളാണ് കാണാൻ സാധിച്ചത്. ആയതിനാൽ ഈ കെട്ടിടത്തിന് കെ.പി.ബി.ആർ ചട്ടങ്ങൾ പ്രകാരമുള്ള കാർ പാർക്കിങ് എരിയ ഉണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. കെ.പി.ബി.ആർ ചട്ടങ്ങൾ പാലിക്കുന്നുണ്ടെങ്കിൽ എഫ്.എ.ആർ കണക്കാക്കി അധിക ഫീസ് ഈടാക്കി കെട്ടിടം ക്രമവത്ക്കരിക്കേണ്ടതാണ്. അല്ലാത്തപക്ഷം കെട്ടിടത്തിന് അനുവദിച്ചിട്ടുള്ള നമ്പറുകൾ റദ്ദാക്കി ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 സ്പെഷ്യൽ റസിഡൻഷ്യൽ (എ2) ആവശ്യത്തിനുള്ള കെട്ടിടത്തിന് താമസാവശ്യത്തിനുള്ള വസ്തുനികുതി തെറ്റായി നിർണ്ണയിച്ചു

അപേക്ഷ നം. എ4-1512/5.3.20 പ്രകാരം ശ്രീ. സന്തോഷ് ഉണ്ണികൃഷ്ണൻ, കുലിയാട്ട് വളപ്പിൽ ഹൗസ്, നിഷാദ് മുഹമ്മദ്, കല്ലഴികുന്നത്ത് ഹൗസ്, ഒപി പാഡി വളപ്പായ എന്നവരുടെ 582.84 ച.മീ വിസ്തൃതിയിലുള്ള കെട്ടിടത്തിന് IV/404A മുതൽ I വരെ നമ്പറുകൾ നൽകിയിട്ടുണ്ട്. പെർമിറ്റ് നം. എ3-ബിഎ(4752)/19 തീ. 10.1.19 പ്രകാരമാണ് കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. മൊത്തം വിസ്തീർണ്ണത്തിൽ പെർമിറ്റ് പ്രകാരം സ്പെഷ്യൽ റസിഡൻഷ്യൽ (എ2) ആവശ്യത്തിനുള്ള വിസ്തൃതി 388.84 ച.മീറ്ററും, വാണിജ്യ ഉപയോഗ

ക്രമത്തിനുള്ള വിസ്തതി 194.42 ച.മീറ്ററുമാണ്. കെട്ടിടത്തിന്റെ പ്ലോട്ട് എരിയ 354 ച.മീറ്ററാണ്. സ്പെഷ്യൽ റസിഡൻഷ്യൽ (എ2) ആവശ്യത്തിനുള്ള കെട്ടിട വിസ്തതിയ്ക്ക് IV/404F മുതൽ I വരെയുള്ള കെട്ടിട നമ്പറുകൾ നൽകിയതായി കാണുന്നു. സ്പെഷ്യൽ റസിഡൻഷ്യൽ (എ2) ആവശ്യത്തിനുള്ള കെട്ടിടത്തിന് 40 രൂപ/ച.മീ എന്ന നിരക്കിലാണ് വസ്തുനികുതി നിർണ്ണയിക്കേണ്ടിയിരുന്നത്. എന്നാൽ താമസാവശ്യത്തിനുള്ള 6 രൂപ/ച.മീ എന്ന നിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 9/11.10.21 നൽകി, മറുപടിയിൽ വസ്തുനികുതി പുനർ നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത കെട്ടിടത്തിന്റെ വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 പദ്ധതിയാവശ്യത്തിന് വാഹനം വാടകയ്ക്ക് എടുക്കുമ്പോൾ ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ പി എച്ച് സി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രൊജക്ട് നമ്പർ 2/20 പ്രകാരം നടപ്പാക്കിയ ദേശീയ ആരോഗ്യ പരിപാടിയും പകർച്ചവ്യാധി നിയന്ത്രണവും ശാക്തീകരണവും എന്ന പദ്ധതിയുടെ ആവശ്യത്തിലേക്കായി വാഹനം വാടകയ്ക്ക് എടുക്കുകയും മൂന്ന് ദിവസം മൈക്ക് പ്രചരണം നടത്തുകയും ചെയ്തിട്ടുണ്ട്.

ഈ ആവശ്യത്തിലേക്കായി വാഹന വാടക അടക്കം പ്രണവ് ഇലക്ട്രിക്കൽസ് ആന്റ് സൗണ്ട്സ് എന്ന സ്ഥാപനത്തിന് പ്രതിദിനം മൂവ്വായിരം രൂപ വീതം ആകെ ഒൻപതിനായിരം രൂപ കൈമാറിയിട്ടുണ്ട്.

എന്നാൽ വാഹനം വാടകയ്ക്ക് എടുക്കുമ്പോൾ ക്വട്ടേഷൻ ക്ഷണിക്കുകയോ വാഹനം ഓടിയതിനെ സംബന്ധിച്ച് ട്രിപ്പ് ഷീറ്റ് ഹാജരാക്കുകയോ ചെയ്തതായി കാണുന്നില്ല.

ഓഡിറ്റ് എൻക്വയറി 3ന് ലഭിച്ച മറുപടി പ്രകാരം ക്വട്ടേഷൻ ക്ഷണിക്കുന്നതിനെ സംബന്ധിച്ചും ട്രിപ്പ് ഷീറ്റിനെക്കുറിച്ചും അറിവില്ലായിരുന്നു എന്ന് സൂചിപ്പിച്ചിട്ടുണ്ട്. മറുപടി തൃപ്തികരമല്ലെങ്കിലും ഇനി പദ്ധതി നടപ്പിലാക്കുമ്പോൾ കൂടുതൽ ജാഗ്രത പുലർത്തണമെന്ന് ഓഡിറ്റ് ഓർമ്മിപ്പിക്കുന്നു.

## 1-16 മരങ്ങൾ ലേലം ചെയ്ത് ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

ഭരണസമിതി തീരുമാനം 24/1 തീ. 24.8.19 പ്രകാരം 8.8.19 ന് ഉണ്ടായ കാറ്റിൽ 11-ാം വാർഡിൽ ആസാദ് റോഡിൽ പുറംമ്പോക്ക് സ്ഥലത്തു നിന്നിരുന്ന മരങ്ങൾ കാറ്റിൽ മറിഞ്ഞു വീണത് അടിയന്തിരമായി മുറിച്ച് മാറ്റിയിട്ടുണ്ടെന്നും, ആയതിന് 10,000/- രൂപ ചെലവഴിക്കുന്നതിന് അനുമതി നൽകുന്നതിനും, വാല്യൂവേഷൻ എടുത്ത് ലേലനടപടികൾ ആരംഭിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുള്ളതായി കാണുന്നു. ആയതുമായി ബന്ധപ്പെട്ട ഫയൽ നം. എ2-768/18 ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 28/16.10.21 നൽകി, ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ഈ മരങ്ങൾ ലേലം ചെയ്ത് വിശദാംശങ്ങൾ അടിയന്തിരമായി ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-17 അനധികൃത മൊബൈൽ ടവറുകളെ കണ്ടെത്തി ക്രമവത്ക്കരിക്കേണ്ടതാണ്

അപേക്ഷ നം. 143/17 തീ. 31.5.17, അപേക്ഷ നം. 4342/17 തീ. 7.7.18 എന്നിവ പ്രകാരം റിലയൻസ് ജിയോ ഇൻഫോടെക് ലിമിറ്റഡ് എന്ന സ്ഥാപനം ചൂലിശ്ശേരി വില്ലേജിൽ സർവ്വെ നം. 73/5 ൽ ഉൾപ്പെട്ട സ്ഥലം, വെളപ്പായ വില്ലേജിൽ സർവ്വെ നം. 4/20 ൽ ഉൾപ്പെട്ട സ്ഥലം എന്നിവിടങ്ങളിൽ മൊബൈൽ ടവർ സ്ഥാപിക്കുന്നതിനായി അനുമതിക്കുവേണ്ടി അപേക്ഷിച്ചിരുന്നു. വിവിധ പരാതികൾ ജനങ്ങളിൽ നിന്നും ഉള്ളതിനാൽ പെർമിറ്റ് നൽകിയിരുന്നില്ല. എന്നാൽ 16.10.21-ാം തിയ്യതിയിൽ ഓഡിറ്റ് ടീം നടത്തിയ പരിശോധനയിൽ ഈ ടവറുകൾ പ്രവർത്തിച്ചു വരുന്നതായി കണ്ടു. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 43/16.10.21 നൽകി, മറുപടി ലഭ്യമാക്കിയില്ല. നാളിതു വരെയായി ഈ ടവറുകളെ ക്രമവത്ക്കരിച്ച് കെട്ടിടനമ്പർ നൽകിയിട്ടില്ല. ഗ്രാമപഞ്ചായത്തുകൾ പ്രത്യേക ഡ്രൈവുകൾ നടത്തി അവയുടെ പരിധിയിൽ വരുന്ന അനധികൃത മൊബൈൽ ടവറുകളെ കണ്ടെത്തണമെന്ന നിർദ്ദേശം പാലിക്കപ്പെട്ടില്ലായെന്നാണ് ഓഡിറ്റിന് ബോധ്യപ്പെടുന്നത്. ആയതിനാൽ ഈ ടവറുകളെ ക്രമവത്ക്കരിച്ച് വസ്തുനികുതി പിഴപ്പലിശ സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുപോലെതന്നെ പ്രത്യേക ഡ്രൈവുകൾ നടത്തി ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന അനധികൃത മൊബൈൽ ടവറുകളെ കണ്ടെത്തി ക്രമവത്ക്കരിക്കേണ്ടതാണ്.

## 1-18 സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപനതൊഴിൽ നികുതി അടവാക്കിയിട്ടുള്ളതായി കാണുന്നില്ല.

1) കെ.എസ്.ഇ.ബി 1st

2)ഇന്ത്യൻ കോഫീ ഹൗസ്, മുളങ്കുന്നത്തു കാവ് I, II

3)എസ്.ബി.ഐ II

4)കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി I, II

5) അമ്മൂർ കാർഷിക സഹകരണ സംഘം I, II

6) ഷിയോൺ പോളിമേഴ്സ് I, II

7) ഓഷ്യൻ പോളിമേഴ്സ് (1) I, II

8) ഓഷ്യൻ പോളിമേഴ്സ് (2) I, II

9) ഹെക്സഗൺകോറുഗേറ്റ്സ് II

10)യമുന റോളർ ഫ്ലോവർമിൽ I, II

11) മഹൗഷദി ഹെർബൽ മെഡിസ് II

12) സ്പിന്നർ പൈപ്പ്സ് I, II

13) സ്പിന്നർ പോളിമേഴ്സ് I, II

14) ഉഷ റബ്ബേഴ്സ് II

15) ഓഷ്യൻ പൈപ്പ്സ് I, II

16) താജ് എക്സ്പോർട്ട്സ് I, II

ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 29/13.10.21 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ സ്ഥാപനതൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 അവണൂർ പി എച്ച് സി എച്ച് എം സി യുടെ വാർഷികകണക്കുകൾ തയ്യാറാക്കിയിട്ടില്ല

അവണൂർ പി.എച്ച്.സി-യുടെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ 2013-14 സാമ്പത്തിക വർഷം മുതലുള്ള വാർഷിക കണക്കുകൾ തയ്യാറാക്കുകയോ ഓഡിറ്റിന് സമർപ്പിക്കുകയോ ചെയ്തിട്ടില്ല. വാർഷിക കണക്കുകൾ തയ്യാറാക്കി ഓഡിറ്റ് സമയബന്ധിതമായി നടത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 പദ്ധതി ചെലവുകൾ ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല

മെഡിക്കൽ ഓഫീസർ, പി എച്ച് സി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികൾക്കായി ചെലവഴിച്ച തുകകൾ ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല.

| ക്രമ നം. | പ്രൊജക്റ്റ് നമ്പർ | പദ്ധതിയുടെ പേര് | തിയ്യതി | തുക |
|---|---|---|---|---|
| 1 | 2/2020 | ദേശീയ ആരോഗ്യ പരിപാടിയും പകർച്ചവ്യാധി നിയന്ത്രണവും ശാക്തീകരണവും | 09.03.2020 | 19600 |
| 2 | 4/2020 | പകർച്ചവ്യാധി നിയന്ത്രണവും ശാക്തീകരണവും | 19.02.2020 | 30235 |
| 3 | 3/2020 | ദേശീയ ആരോഗ്യ പരിപാടിക്കും രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കും വാഹനത്തിന്റെ വാടക നൽകൽ | 19.02.2020 | 4500 |

ഓഡിറ്റ് എൻക്വയറി 4 ന് ലഭിച്ച മറുപടി പ്രകാരം അബദ്ധം സംഭവിച്ചതാണെന്ന് പരാമർശിച്ചിട്ടുണ്ട്.

ഏറ്റവും പ്രാഥമിക രേഖയായ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തൽ വരുത്താതിരുന്നത് ഗുരുതര വീഴ്ചയാണ്. ക്യാഷ് ബുക്ക് തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-21 റോഡു പ്രവൃത്തികൾക്ക് 5% ന പകരം 10% ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിരിക്കുന്നു

സ.ഉ. (എം.എസ്) 74 / 14 എൽ.എസ്.ജി.ഡി തീ. 7-5-'14 പ്രകാരം ഓവർഹെഡ് ചാർജ്ജസ് 5% നിരക്കിലാണ് അനുവദനീയമായിട്ടുള്ളത്. PRICE സോഫ്റ്റ്വെയറിൽ 10% നിരക്കിലാണ് ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചു വരുന്നത്. ഈയിനത്തിൽ കരാറുകാർക്ക് അധികതുക ലഭിച്ചുകൊണ്ടിരിക്കുന്ന സാഹചര്യം എൽ.എസ്.ജി.ഡി ചീഫ് എൻജിനീയറെ അറിയിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 ഗ്രാമ പഞ്ചായത്തിലെ ദുരിതാശ്വാസ നിധി - ചട്ടവ്യവസ്ഥകൾ പാലിക്കുന്നതിന് നടപടി ഉണ്ടാകേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 166 ാം വകുപ്പ് പ്രകാരം, പ്രസ്തുത നിയമത്തിന്റെ മൂന്നാം പട്ടികയിൽ ഇനം തിരിച്ചു പറഞ്ഞിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ താമസക്കാർക്ക് ആവശ്യമായ സേവനങ്ങൾ ചെയ്യേണ്ടത് ഗ്രാമ പഞ്ചായത്തിന്റെ കർത്തവ്യമാണ്.

ഇതേ നിയമത്തിലെ 177 ാം വകുപ്പ് പ്രകാരം ഒരു പഞ്ചായത്തിന്, അതിന്റെ ഫണ്ട് ഏതെല്ലാം ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കാമോ അങ്ങനെയുള്ള ആവശ്യങ്ങളിൽ ഏതെങ്കിലും മുമ്പോട്ടു കൊണ്ടുപോകുന്നതുമായി മാത്രം ബന്ധപ്പെട്ട സംഭാവനകളും ട്രസ്റ്റുകളും സ്വീകരിക്കാവുന്നതും അവ ആ ആവശ്യങ്ങൾക്കായി മാത്രം വിനിയോഗിക്കേണ്ടതുമാണ്.

ഈ വകുപ്പുകൾ നൽകിയ അധികാരം ഉപയോഗിച്ച് സംസ്ഥാന സർക്കാർ 2003 ൽ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പാസ്സാക്കിയിട്ടുള്ളതാണ്. പ്രസ്തുത ചട്ടപ്രകാരം (ചട്ടം 3 പ്രകാരം) ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിൽ വിവരം (പഞ്ചായത്ത് ഭരണസമിതി തീരുമാനം സഹിതം) ലഭ്യമാക്കേണ്ടതാണ്

എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 22/12.10.2021) മറുപടി ലഭ്യമാക്കുകയുണ്ടായി. അതനുസരിച്ച് ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുള്ളതാണ്. എസ്.ബി.ഐ (കുഹാസ്) ബ്രാഞ്ചിലെ അക്കൌണ്ട് നമ്പർ 32059290444 പ്രകാരമുള്ള ദുരിതാശ്വാസ നിധി അക്കൗണ്ട് 29.11.2011-ൽ ആരംഭിക്കുകയും 27.06.2012 വരെ തുകകൾ നിക്ഷേപിക്കുകയും ചെയ്തതായി അറിയിച്ചിട്ടുണ്ട്.

